**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4295** **18-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്തെ വൈദ്യുതി തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് വൈദ്യുതി തടസ്സം ഉണ്ടാകുമ്പോൾ ബാക്ക് ഫീഡിംഗ് സൗകര്യത്തിനായി എരുമേലി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വ്യത്യസ്ത 11 കെ.വി. ഫീഡറുകൾ ടി പ്രദേശത്ത് എത്തിച്ചിട്ടുണ്ട്. ടി ലൈനുകളിലെ ടച്ചിംഗ് ക്ലിയറിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുള്ള താണ്. കൂടാതെ ദിവസവും രണ്ട് ലൈൻമാൻമാരെ കണമല പ്രദേശത്തെ ഡ്യൂട്ടിക്ക് മാത്രമായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തെ വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എരുമേലി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കണമല പ്രദേശത്തേക്ക് 20 കി.മീ. അധികം ദൂരമുള്ളതിനാൽ ടി പ്രദേശത്തെ വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ